ഗവ. യു.പി.സ്കൂൾ വെള്ളംകുളങ്ങര




# മുകുരം

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

**കുട്ടികളുടെ എണ്ണം : 97**

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവൺമെൻറ് യു.പി.എസ്. വെള്ളംകുളങ്ങര |
| വിലാസം | : വെള്ളംകുളങ്ങര . പി. ഒ . ഹരിപ്പാട്. |
| ഫോൺ | : 0479-2410005 |
| സ്കൂൾ കോഡ് | : 35436 |
| വിദ്യാഭ്യാസ ഉപജില്ല | : ഹരിപ്പാട് |
| വിദ്യാഭ്യാസ ജില്ല | : ആലപ്പുഴ |
| റവന്യൂജില്ലാ | : ആലപ്പുഴ |
| ബി.ആർ.സി | : ഹരിപ്പാട് |
| സി.ആർ.സി | : വെള്ളംകുളങ്ങര |
| ഗ്രാമപഞ്ചായത്ത് | : വിയപുരം (ആറാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : ഹരിപ്പാട് |
| ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : കുട്ടനാട് |
| ലോക്സഭാ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : കാർത്തികപ്പള്ളി |
| വില്ലേജ് | : വീയപുരം |
| ഇമെയിൽ | : 35436haripad@gmail.com |
| ഫേസ്ബുക്ക് | : gups.vellamkulangara. |

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ വിദ്യാലയത്തിന്റെ ലഘു ചരിത്രം .
3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്.
4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ.
5. നിലവിലെ അവസ്ഥാ വിശദീകരണം.
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ.
7. പദ്ധതി - വിശദാംശങ്ങൾ. (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, , സാമ്പത്തിക വിശകലനം)
8. പ്രതീക്ഷിത നേട്ടങ്ങൾ .
9. മോണിറ്ററിംഗ്.
10. ഉപസംഹാരം.

# 1. ആമുഖം

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിന് സഹായകമായ ഭൗതിക പരിസരവും സാമൂഹ്യതലവും സൃഷ്ടിക്കപ്പെടേണ്ടതാണ്.വൈവിധ്യമാർന്ന പദ്ധതികളിലൂടെ അക്കാദമിക മികവിന് ഊന്നൽ കൊടുത്തുകൊണ്ട് ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തണം.നിലവിലുള്ള അവസ്ഥകളെ യുക്തിയുക്തമായി വിശകലനം ചെയ്ത് പോരായ്മകളും പരിമിതികളും നേട്ടങ്ങളും മനസ്സിലാക്കുകയും വ്യക്തമായ ആസൂത്രണത്തോടുകൂടി മുന്നേറ്റത്തിന്റെ പാതയിലേക്ക് നീങ്ങുകയും ചെയ്യേണ്ടതാണ്.ഒരു മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കുന്നതിന് ആവശ്യമായ മൂല്യബോധം സൃഷ്ടിക്കുവാനും സ്വന്തം പരിമിതികളെ മറികടക്കുവാനുള്ള ആത്മവിശ്വാസം ഓരോ വിദ്യാർത്ഥിയും ഉണ്ടാക്കിയെടുക്കുവാനുള്ള സാഹചര്യങ്ങൾ വിദ്യാലയങ്ങളിൽ ഒരുക്കണം.

ഓരോ സ്കൂൾ ക്യാമ്പസും ജൈവവൈവിധ്യ ഉദ്യാനം ആക്കി മാറ്റുന്നതോടൊപ്പം,പാരിസ്ഥിതിക അവബോധം, മാലിന്യനിർമാർജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാവണം.

കുട്ടികളുടെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിന് വിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.ചെറുതും വലുതുമായ ഒട്ടേറെ പ്രവർത്തനങ്ങൾ വ്യക്തമായ കാലാവധി നിശ്ചയിച്ചുകൊണ്ട് ഏറ്റെടുക്കേണ്ടതുണ്ട്.,പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,രക്ഷിതാക്കൾ, അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, സമൂഹത്തിലെ ഇതര വിഭാഗങ്ങൾ, ഏവരുടെയും വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ഇടപെടലുകൾ ഇത്തരം സംരംഭങ്ങളുടെ വിജയത്തിന് അനിവാര്യമാണ്.

വിവിധങ്ങളായ ചർച്ചകളിലൂടെ രൂപപ്പെടുത്തിയിട്ടുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വരുന്ന വിദ്യാഭ്യാസ വർഷത്തിൽ വിദ്യാലയത്തിന് എത്തിച്ചേരാൻ കഴിയുന്ന അക്കാദമിക മികവുകളിലേക്കാണ് പ്രതീക്ഷ അർപ്പിച്ചിട്ടുള്ളത്.പൊതുസമൂഹത്തിന്റെ ശക്തമായ പിന്തുണയോടെ ഇതു നാം ഏവരുടെയും കടമയായി കണ്ട്,പവിത്രമായ ഈ ദൗത്യം ഏറ്റെടുക്കാം. വരുന്ന വർഷത്തിൽ ഗവൺമെൻറ് യുപിഎസ് വെള്ളംകുളങ്ങരക്ക്, കൈവരിക്കാൻ ആവുന്ന അക്കാദമിക മുന്നേറ്റം, തദനുബന്ധിയായ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ,സാമൂഹ്യബന്ധങ്ങളെ പ്രയോജനപ്പെടുത്തൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ‘ മുകുരം ‘എന്ന അക്കാദമിക വികസന രൂപരേഖ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

## 2.ലക്ഷ്യങ്ങൾ

അക്കാദമിക മികവായിരിക്കണം വിദ്യാലയത്തിന്റെ മികവ്. ഓരോ വിദ്യാർത്ഥിയുടെയും നൈപുണ്യ ശേഷികളും മനോഭാവനവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിനനുസൃതമായി വികസിപ്പിക്കുന്നതിന് വിദ്യാലയത്തിലെ അക്കാദമിക സാഹചര്യങ്ങൾ പര്യാപ്തമായിരിക്കണം.

അറിവിനെസ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാ പാഠം പഠിക്കുന്ന രീതി ഒഴിവാക്കുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക,നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ(2005) നിർദ്ദേശങ്ങളും ശിശു കേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടത് എന്ന വിദ്യാഭ്യാസ അവകാശനിയമം(2009) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നൽ നൽകി കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങളെ നിർണയിച്ചിട്ടുള്ളത്.

- ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ടതായ ശേഷികളും ധാരണകളും നൈപുണ്യകളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.
- കലാകായിക പ്രവൃത്തി പരിചയപഠനത്തിലെ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കും.
- ഓരോ കുട്ടിയും(UP) 3 ഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം.
- പരിസ്ഥിതി ജ്ഞാനം ആർജിക്കണം.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പഠനോപകരണങ്ങൾ, ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തും.
- ICT അധിഷ്ഠിത പഠനം കാര്യക്ഷമമാക്കും.
- കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തും.
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത് ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവുമാകുന്ന സാഹചര്യമൊരുക്കും.
- ലൈബ്രറി,ലാബോറട്ടറി ഇവ ആധുനികവത്കരിക്കും.
- ലഘുപഠന യാത്രകൾ,പ്രോജക്ടുകൾ, പഠന ക്യാമ്പുകൾ ഇവ സംഘടിപ്പിക്കും.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.

- ലഹരി വിരുദ്ധ മനോഭാവം വളർത്താൻ ഉതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുക.
- പ്ലാസ്റ്റിക് വിമുക്ത.മാലിന്യ മുക്ത സ്കൂൾ പരിസരം സൃഷ്ടിക്കുക.
- ജൈവവൈവിധ്യ ഉദ്യാനം സൃഷ്ടിച്ച ക്യാമ്പസ് തന്നെ പാഠപുസ്തകമാക്കുക എന്ന ആശയം പ്രാവർത്തികമാക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- ജനകീയ ഇടപെടൽ ഉറപ്പാക്കി പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തുക.
- വിദ്യാഭ്യാസത്തിൽ ജനകീയവത്കരണം അർത്ഥപൂർണ്ണമാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കും.അനുയോജ്യമായ വിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തും.
- മാതൃഭാഷാ പഠനം പ്രോത്സാഹിപ്പിക്കുക.
- അധ്യാപകന്റെ സ്ഥാനം ഒരു സഹരക്ഷിതാവിന്റെ തലത്തിലേക്ക് ഉയർത്തി സ്കൂളിനകത്ത് ക്ലാസ് മുറിയിലും കുട്ടിക്ക് കരുതലും തണലും ലഭ്യമാക്കാൻ അവസരം ഒരുക്കുന്നു.
- അവകാശാധിഷ്ഠിത വിദ്യാഭ്യാസം -മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു തലമുറയെ സൃഷ്ടിക്കുവാൻ പര്യാപ്തമായതും, അവസരസമത്വവും തുല്യതയും ഉറപ്പാക്കുന്നതുമായിരിക്കണം.

## 3.വിദ്യാലയത്തിന്റെ ലഘു ചരിത്രം

ചരിത്രപരവും ഔദ്യോഗികപരവുമായ ഏറെ പെരുമകൾ അവകാശപ്പെടാവുന്ന ഒരു ഗ്രാമമാണ് വെള്ളംകുളങ്ങര. പൗരാണികമായ വെള്ളംകുളങ്ങര ദേവി ക്ഷേത്രത്തിനോട് ചേർന്നാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്.വിസ്തൃതിയിലുള്ള ക്ഷേത്രക്കുളം നൂറ്റാണ്ടുകൾ പഴക്കമുള്ള വൻ വൃക്ഷങ്ങൾ തണലേകുന്ന വിദ്യാലയം പരിസരം എന്നിവ ജൈവ സമ്പത്താൽ അനുഗ്രഹീതമാണ്. രാജഭരണകാലത്തെ പ്രധാന നെല്ല് സംഭരണ കേന്ദ്രമായ നെൽപ്പുരക്കടവ് സ്കൂളിനടുത്താണ് സ്ഥിതി ചെയ്യുന്നത്.ജലഗതാഗതത്തിന് പ്രാധാന്യമുണ്ടായിരുന്നപ്പോൾ നെൽപുരക്കടവിന്റെ പ്രസക്തിയേറെയായിരുന്നു. അച്ചൻകോവിലാറിന്റെ സാമീപ്യം ഏറെ സന്തോഷവും സൗഹൃദവും ഈ ഗ്രാമത്തിൽ ഉണ്ടാകുവാൻ കാരണമായിട്ടുണ്ട്.വള്ളംകളിക്കും ചുണ്ടൻ വള്ളങ്ങൾക്കും പേരുകേട്ട വെള്ളംകുളങ്ങര ഗ്രാമം വിയപുരം പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.ഹരിപ്പാട്,എടത്വ ടൗണുകൾ ഈ ഗ്രാമത്തിനടുത്താണ്. 15 ഏക്കറോളം സ്ഥലം ഈ പഞ്ചായത്തിൽ വനപ്രദേശം ആയിട്ടുണ്ട്. ആലപ്പുഴ ജില്ലക്ക് വനമുണ്ട് എന്നുള്ളത് ഈ ഗ്രാമത്തിന്റെ റിസർവ് ഫോറസ്റ്റ് കാരണമാകുന്നു.അക്ഷരസ്നേഹിയായ ശ്രീ നെയ്യൂർ പ്രഭാകര പണിക്കർ അവർകളാണ് സ്കൂൾ സ്കൂളിന് ആവശ്യമായ ഒരേക്കർ സ്ഥലം സൗജന്യമായി നൽകിയത്.

1964 ൽ എൽപി സ്കൂൾ ആയാണ് സ്കൂൾ സ്ഥാപിതമാകുന്നത്.പിന്നീട് വെള്ളംകുളങ്ങര നിവാസികളുടെയും അന്നത്തെ കുട്ടനാട് എംഎൽഎ ശ്രീ കെ സി ജോസഫിന്റെയും ശ്രമഫലമായി 1984 സ്കൂൾ അപ്പർ പ്രൈമറിയായി ഉയർത്തി. ഇപ്പോൾ പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ പ്രവർത്തിക്കുന്നു.

## പ്രതിഭകൾ പ്രശസ്തർ

ഇന്ന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി വ്യക്തികൾ ഈ സ്കൂളിലെപൂർവ്വ വിദ്യാർത്ഥികൾ ആയിരുന്നു. അതിൽ ഏതാനും പേരുകൾ മാത്രം ഇവിടെ പ്രതിപാദിക്കട്ടെ.

- കാനറ ബാങ്ക് സീനിയർ മാനേജർ ശ്രീമാൻ നന്ദകുമാർ ഈ സ്കൂളിൻറെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡൻറ് ആണ്.
- തിരുവനന്തപുരം ആയുർവേദ കോളേജ് പ്രൊഫസർ ഡോക്ടർ ശ്രീനി.
- തിരുവനന്തപുരം ആർട്സ് കോളേജ് അധ്യാപകൻ പ്രൊഫസർ സുനിൽ
- റിട്ട. സീനിയർ സൂപ്രണ്ട്, ഡി.പി.ഐ തിരുവനന്തപുരം ശ്രീ. എൻ ശിവകുമാർ.
- ശ്രീ. പ്രിയരഞ്ജൻ .എം (2021 ഗോവയിൽ വച്ച് നടന്ന നാഷണൽ ബെഞ്ച് പ്രസ് ചാമ്പ്യൻഷിപ്പ് വെങ്കല മെഡൽ ജേതാവ് ,2019 ഡൽഹിയിൽ വെച്ച് നടന്ന നാഷണൽ ബെഞ്ച് പ്രസ് ചാമ്പ്യൻഷിപ്പ് വെള്ളിമെഡൽ ജേതാവ്).
- മുരുകൻ ജി ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പ് 2013 സംസ്ഥാന തല ജേതാവ്. എന്നിവർ ടി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ആണ് എന്ന കാര്യം സന്തോഷത്തോടെ സൂചിപ്പിക്കുന്നു.

# 4.വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- ശുചിത്വം, പ്രകൃതിസ്നേഹം, പരസ്പര ബഹുമാനം തുടങ്ങിയ മൂല്യങ്ങളും അനുഭവങ്ങളും വളർത്തുന്നതാവണം വിദ്യാലയ അന്തരീക്ഷം.
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടിക്ക് താല്പര്യമുണ്ടാവണം.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് കൂടി പങ്കാളിത്തം ഉള്ളവയായിരിക്കണം സ്കൂൾ പ്രവർത്തനങ്ങൾ.
- അന്താരാഷ്ട്ര നിലവാരത്തിൽ തന്നെ ഓരോ ക്ലാസിലെയും കുട്ടികൾ ആർജിക്കേണ്ടതായ ശേഷികൾ ഉറപ്പിക്കണം.
- കൃഷിയെയും മണ്ണിനെയും ജീവജാലങ്ങളെയും സ്നേഹിക്കുവാനുള്ള താല്പര്യം ഉളവാക്കുന്ന പരിസ്ഥിതി ബന്ധിതമായ സ്കൂൾ പഠനം.

# 5.പ്രതിരൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- വിഷയാടിസ്ഥാനത്തിൽ എസ് ആർ ജി കൂടി പഠനാശയങ്ങളെയും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെയും അവലോകനം ചെയ്തു ക്രോഡീകരിക്കുന്നു.
- സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകും വിധം പ്രയോജനപ്പെടുത്തും.
- വേണ്ടത്ര മാറ്റങ്ങളോടെ കരട് രൂപരേഖ പ്രധാന രൂപരേഖയായി മാറ്റുന്നതിനുള്ള തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ചർച്ചയിലൂടെയും വിവരശേഖരണത്തിലൂടെയും നടത്തുന്നു.

# 6.നിലവിലെ അവസ്ഥാ വിശകലനം

സാമൂഹ്യപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.വിവിധ സാംസ്കാരിക സംഘടനകൾ സ്കൂളിനായി പഠനോപകരണം വിതരണം ചെയ്യുകയുണ്ടായി.ദിനാചരണങ്ങളോടനുബന്ധിച്ച് ബന്ധപ്പെട്ട പ്രശസ്ത വ്യക്തികളെ കുട്ടികൾക്ക് പരിചയപ്പെടാൻ ആയിട്ടുണ്ട്.വിവിധ ക്ലാസുകൾ, സംവാദങ്ങൾ എന്നിവ ലഭ്യമായിട്ടുണ്ട്.ലോക ബാങ്കിൻറെ ധനസഹായത്തോടെ നിർമ്മിച്ച നാല് ക്ലാസ് മുറികൾ പാചകപ്പുര എന്നിവയുണ്ട്.ഭാഗികമായി പണിത ചുറ്റുമതിൽ ഉണ്ട്.

ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തിപരിചയമേളകൾ, വിവിധ ക്വിസ് മത്സരങ്ങൾ, കായിക മത്സരങ്ങൾ, ഉപജില്ല കലാമേള,റവന്യൂ ജില്ലാ കലാമേളഎന്നിവയിലെല്ലാം കുട്ടികൾ പങ്കെടുത്ത് നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

കുട്ടികളുടെ കലാപരമായ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിലേക്ക് മനോഹരമായ രീതിയിൽ സ്കൂൾ വാർഷികം നടത്താനായി.ഒരു വർഷത്തെ പഠന നേട്ടങ്ങൾ പൊതുജനങ്ങൾക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്ന പഠനോത്സവം 'ലസിതം' എന്ന പേരിൽ വളരെ മികച്ച രീതിയിൽ തന്നെ അവതരിപ്പിക്കുവാനായി.പ്രതിമാസ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രവർത്തനങ്ങളും വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു.ഇതിനായി കൃത്യമായ ഇടവേളകളിൽ, ചുമതലപ്പെടുത്തിയവർ ഒന്നിച്ചു കൂടുന്നു.സ്കൂൾ ന്യൂ ഫീഡിങ് കമ്മിറ്റി,എം പി ടി എ ഇവയെല്ലാം സജീവമായി ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നു.ഓരോ ക്ലാസിലും ലക്ഷ്യമിട്ടിരിക്കുന്ന പ്രതീക്ഷിത നേട്ടങ്ങൾ പ്രീ ടെസ്റ്റ് - വാചികം, എഴുത്ത് എന്നിവയിലൂടെ അളക്കുന്നതാണ്.പ്രീടെസ്റ്റിന്റെ വിശകലനവും തുടർ പ്രവർത്തനവും ഓരോ ക്ലാസ് അധ്യാപകനെയും ചുമതലപ്പെടുത്തേണ്ടതാണ്.ഇതിൻറെ ഫലം പിടിഎയിൽ

അവതരിപ്പിക്കുന്നു.പരിഹാരബോധന പ്രവർത്തനങ്ങൾ ടീച്ചിംഗ് മാനുവൽ പ്രവർത്തനാധിഷ്ഠിത രീതിയിൽ തയ്യാറാക്കൽ, പിന്തുണ സാമഗ്രികൾ സംഘടിപ്പിക്കൽ എന്നിവയും ഇതിൻറെ ഭാഗമായി നടത്തുന്നതാണ്.ഒരു പാഠം കഴിയുമ്പോഴും മാചികമായും എഴുത്തിലൂടെയും മറ്റു പ്രകടങ്ങളിലൂടെയും പഠനനേട്ടം വിലയിരുത്തപ്പെടുന്നതും, പ്രവർത്തനമാസൂത്രണം ചെയ്തു നടപ്പാക്കുന്നതും, എഴുതാനും വായിക്കാനും കഴിയാത്ത ഒറ്റകുട്ടി പോലും സ്കൂളിൽ ഇല്ല എന്ന് ഉറപ്പാക്കുന്നുണ്ട്.

വിവിധ സബ്ജക്ട് കൗൺസിലുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.രണ്ടാഴ്ചകളിൽ എസ് ആർ ജി കൂടുന്നുണ്ട്.പഠനോപകരണ നിർമ്മാണവും, ശേഖരണവും, ലാബ്, ലൈബ്രറി പ്രവർത്തനങ്ങളും ദിനാചരണങ്ങളും കലാകായിക പ്രവർത്തി പരിചയ പരിശീലനങ്ങളും ഫീൽഡ് ട്രിപ്പുകളും നടത്തുന്നുണ്ട്.

എൽ പി ക്ലാസ് മുറികൾ ആവശ്യത്തിനുണ്ട്.യുപി വിഭാഗംക്ലാസ് മുറികൾ, ലാബ്, ലൈബ്രറി തുടങ്ങിയവ ലോകബാങ്ക് ധനസഹായത്താൽ മെച്ചപ്പെടുത്തിയെങ്കിലും വിഷയാടിസ്ഥാനത്തിലുള്ള ലാബ് സൗകര്യം ലഭ്യമല്ല. കുട്ടികളുടെ അനുപാതം അനുസരിച്ചുള്ള യൂറിനൽ, ടോയ്‌ലറ്റ് സൗകര്യങ്ങൾ, എന്നിവയുണ്ടെങ്കിലും സാനിറ്ററി നാപ്കിൻ സംസ്കരണ സംവിധാനമില്ല.കിണർ വെള്ളം കുടിവെള്ളമായി എടുക്കുന്നു. 14 ടാപ്പുകൾ ഇതിനായി ഉണ്ട്. കൂടാതെ ജലശുദ്ധീകരണി സ്ഥാപിച്ചിട്ടുണ്ട്.

ലാബ്, ലൈബ്രറി സൗകര്യങ്ങൾ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുത്തുന്നുണ്ട്.. എല്ലാ മുറികളും വൈദ്യുതീകരിച്ചിട്ടുണ്ട്.ഫാനും ലൈറ്റും ലാപ്ടോപ്പ് സോക്കറ്റുകളും ഉണ്ട്.

കുട്ടികളുടെ ആരോഗ്യ കാര്യങ്ങൾ ഹെൽത്ത് സെൻറർ നിരീക്ഷിക്കുന്നുണ്ട്. ബോധവൽക്കരണ ക്ലാസുകൾ,വിരനിർമാർജനം,.തുടർ പരിശോധനകൾ തുടങ്ങിയവ ക്രമമായി നടത്തുന്നുണ്ട്. മികച്ച രീതിയിലുള്ള പാചകപ്പുരയുണ്ട്.

സ്കൂളിനോട് ചേർന്ന്, ജൈവവൈവിധ്യ സംസ്കാരത്തിന് ഉത്തമ ഉദാഹരണമായ രണ്ടു കാവുകൾ നിലനിൽക്കുന്നുണ്ട്.പാരമ്പര്യ ചികിത്സാ രീതികളെ പറ്റി കുട്ടികളെ ബോധവാന്മാരാക്കുന്നതിനും,സമ്പുഷ്ടമായആയുർവേദ സമ്പത്ത് നിലനിർത്തുന്നതിനുമായി സ്കൂൾതലത്തിൽ മികച്ച ഔഷധത്തോട്ടം നിർമ്മിച്ച് നിലനിർത്തിപ്പോരുന്നു.പഞ്ചായത്തും കൃഷിഭവനും ചേർന്നു ഹരിത പാർക്ക് സ്കൂളിനായി നിർമ്മിച്ചു നൽകുന്നുണ്ട്.

മതിയായ ഡെസ്ക്ടോപ്പുകൾ ഇല്ലാത്തത് ഐ ടി പഠനത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഒരു സ്മാർട്ട് ക്ലാസ്സ് റൂം മാത്രമാണുള്ളത്.എന്നിരുന്നാലും ഇവിടെയെത്തുന്ന കുട്ടികളെ ഏറ്റവും മികവുള്ളവരാക്കി മാറ്റിയെടുക്കുന്നതിനുള്ള ചിട്ടയായ പരിശീലനം നടത്തുന്നുണ്ട്.കായിക പരിശീലനം,യോഗ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, നൃത്ത പഠനം ഇവയൊക്കെ തന്നെ നടത്തപ്പെടുന്നു. മതിയായ കളി സ്ഥലമുണ്ട്.

## 7.മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

### I. അക്കാദമികം

1. ഭാഷാശേഷി വികാസം.
2. ഗണിത ശേഷി വികാസം.
3. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം.
4. ലാബോറട്ടറികൾ മെച്ചപ്പെടുത്തൽ.
5. ഐടി പരിശീലനം.
6. ശാസ്ത്രാഭിരുചി വളർത്തൽ .
7. പച്ചക്കറിത്തോട്ട വിപുലീകരണം.
8. ക്ലാസ് പിടിഎ.
9. കലാകായിക പഠനം.
10. ഹരിത പാർക്ക് നിർമ്മാണവും സംരക്ഷണവും.
11. ജൈവ വൈവിധ്യ സംരക്ഷണം.
12. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.
13. പഠനയാത്ര.
14. ഫീൽഡ് ട്രിപ്പ്.
15. സ്കൂൾ പത്രം.
16. ഗണിത മാഗസീനുകൾ.
17. ശാസ്ത്ര പതിപ്പ്.
18. അധ്യാപക ശാക്തീകരണ പ്രവർത്തനം (സ്കൂൾ SRG തലം).
19. മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ പരിപാലന ക്ലാസുകൾ.
20. ദിനാചരണങ്ങൾ .
21. ശാസ്ത്ര - ഗണിത പ്രവൃത്തി പരിചയ ഐ ടി മേളങ്ങൾ.

### II. ഭൗതികം

1. സ്റ്റാഫ് റൂം നവീകരണം.
2. ഡൈനിംഗ് ഹാൾ നിർമ്മാണം.
3. ക്ലാസ് റൂമുകൾക്കിടയിലെ മറ നവീകരിക്കൽ.
4. സ്കൂൾ ഭിത്തികൾക്ക് ചായം പൂശൽ.
5. ഓഫീസ് റൂമിന് മുകളിൽ അരഭിത്തി നിർമ്മാണം.

## 11. ഉപസംഹാരം

നാടിനെയും നാട്ടുകാരെയും അറിഞ്ഞും, സ്നേഹിച്ചും, പ്രകൃതിയോടു ഇണങ്ങിയും സന്തോഷകരമായി നേടേണ്ട ഒന്നാണ് സ്കൂൾ വിദ്യാഭ്യാസം.പൊതുവിദ്യാലയങ്ങൾ അതത് പ്രദേശങ്ങളുടെ പൊതുസ്വത്താണ്. ഏറ്റവും മെച്ചമായത് മാത്രമേ അവിടെ നിന്നും ലഭിക്കാവൂ. വിദ്യാലയത്തിന്റെ കെട്ടും മട്ടും പഠന നേട്ടങ്ങളും ആ നാടിൻറെ പ്രതിച്ഛായയെ തന്നെയാണ് സൂചിപ്പിക്കുന്നത്.ഓരോ വിദ്യാർത്ഥിയും നാടിൻറെ സമ്പത്താകുവാൻ നമുക്ക് വഴികാട്ടാം.വിദ്യാഭ്യാസത്തെ ഒരു കച്ചവടം ആക്കി മാറ്റാതെ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ഒരു തലമുറയെ വളർത്തിയെടുക്കുവാനുള്ള ഉപാധിയാക്കി നമുക്ക് മാറ്റാം.നമ്മുടെ വിദ്യാലയത്തിന്റെ എല്ലാ അന്തസ്സും കാത്തുസൂക്ഷിച്ചുകൊണ്ട് ഈ പ്രദേശത്തെ. മുഴുവൻ കുട്ടികളുടെയും പ്രാഥമിക വിദ്യാഭ്യാസം അവരുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് സാർത്ഥകമാക്കുന്നതിനായ് ഗുണമേന്മ വിദ്യാഭ്യാസം പ്രതിഫലിപ്പിക്കുന്ന ഒരു മുകുരമായി വർത്തിക്കാൻ ഈ എളിയ ഉദ്യമത്തിന് ആവട്ടെ എന്ന വിശ്വാസത്തോടെ..............

എസ്.എം.സി.ചെയർമാൻ ഹെഡ്മിസ്ട്രസ്സ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 1

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ലക്ഷ്യം :ഒന്നാം ക്ലാസ്സിലെ കുട്ടികളെ സ്വതന്ത്ര വായനക്കാരും എഴുത്തു കാരും ആക്കുക.കുഞ്ഞെഴുത്തിലൂടെ അക്ഷരഘടനയും ആലേഖന ക്രമവും പരിചയപ്പെടുന്നു.അവർ പരിചയപ്പെട്ട അക്ഷരങ്ങൾ ഉപയോഗിച്ച് ചെറു വാക്യങ്ങൾ എഴുതുന്നു.എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നു | പ്രവർത്തനങ്ങൾ : സചിത്ര നോട്ട്ബുക്ക് (കുഞ്ഞെഴുത്ത് )സചിത്ര ആസൂത്രണം. കുഞ്ഞെഴുതിലൂടെ അക്ഷരങ്ങളുടെ ഘടനയും ആലേഖന ക്രമവും ചിഹനങ്ങൾ ചേർക്കുന്ന രീതിയും പരിചയപ്പെടുന്നു. ചിത്രങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു.<br>സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക<br>ചിത്ര കാർഡുകൾ വായന കാർഡുകൾ നിർമ്മാണ ശില്പശാല<br>താളാത്മകമായി ചെറു കവിതകൾ ചൊല്ലി അവതരിപ്പിക്കുക<br>വിവിധതരം ചിത്രങ്ങൾ നിരീക്ഷിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br>ഒന്നാംതരത്തിൽ പ്രവേശിക്കുന്ന കുട്ടികൾക്ക് ആവശ്യമായ വായന കാർഡുകൾ ലഭ്യമാക്കൽ. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | SMC |
| 2.ലക്ഷ്യം : ആത്മവിശ്വാസത്തോ | പ്രവർത്തനം: വായനോത്സവം | ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| ടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു<br>ആശയം ഗ്രഹിച്ച് മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു<br>പാട്ട് റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു<br>രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോട് സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു<br>കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു<br>സ്കൂൾ അസംബ്ലിയിൽ മാഗസിൻ പ്രകാശനം | സംഘടിപ്പിക്കുന്നു<br>ചിത്ര വായനയ്ക്ക് അവസരം നൽകുന്നു<br>രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു<br>സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു<br>വാട്സ്ആപ്പ് ഗ്രൂപ്പിൽ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു<br>ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു<br>ക്ലാസ് പത്രം രൂപപ്പെടുത്തുന്നു<br>സംയുക്ത ഡയറിയിൽ കുട്ടിയെഴുത്ത് കൂടുതലാകുന്നു | -<br>നവംബർ | ക്ലാസ്സ് ടീച്ചർ | SMC |

## ഗണിതം

| | | | | |
|---|---|---|---|---|
| 1.ലക്ഷ്യം : 0 മുതൽ 9 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുക<br>സംഖ്യകൾ താരതമ്യം ചെയ്ത് ചെറുത്/വലുത് കണ്ടെത്തുക<br>നിത്യജീവിതവുമായി ബന്ധപ്പെട്ട് ഒൻപത് വരെയുള്ള | പ്രവർത്തനം : മഞ്ചാടി നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു (9 വരെ )<br>സംഖ്യാ കാർഡുകൾ വായിക്കൽ<br>സംഖ്യാ റിബൺ പൂരിപ്പിക്കൽ<br>ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>ഗണിത മിട്ടായി വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ<br>വസ്തുക്കൾ ഉപയോഗിച്ച് ഗണിത കളികളിൽ ഏർപ്പെടൽ | ആഗസ്റ്റ്<br>-<br>സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുകയും ലഘു പ്രായോഗിക പ്രശ്നങ്ങൾ ചെയ്യുകയും ചെയ്യുന്ന കുട്ടങ്ങളെ വ്യത്യസ്ത രീതിയിൽ ക്രമീകരിക്കാനും പറയാനും കഴിയുക | ലക്ഷ്യം നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും നിർദ്ധാരണം ചെയ്യുന്നതിനുംകഴിയുക<br>ഇതിനായി സങ്കലന വ്യവകലന ക്രിയകൾ ഉപയോഗപ്പെടുത്തുക<br>കളികളുടെയും ചിത്രീകരണത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും ഭാഗമായി സങ്കലന വ്യവകലന ക്രിയകൾ മനസ്സിലാക്കുക<br>രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം<br>രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം | | | |
| 2.ലക്ഷ്യം : നിത്യ ജീവിതവുമായി ബന്ധപ്പെട്ട് ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുക പ്രശ്നങ്ങൾ പരിഹരിക്കുക.<br>ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുക.<br>ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ താരതമ്യം ചെയ്ത് ചെറുത് വലുത് കണ്ടെത്തുക | പ്രവർത്തനം : നിത്യ ജീവിതവുമായി ബന്ധപ്പെട്ടും കളികളുടെ ഭാഗമായി ഉള്ള ഗണിത പ്രശ്നങ്ങൾ വിശകലനം ചെയ്യൽ നിർദ്ധാരണം ചെയ്യൽ<br>ഗണിത മിഠായി വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ<br>സംഖ്യാ ക്രമങ്ങളിലെ സംഖ്യകൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തി പുതിയ സംഖ്യ ക്രമങ്ങൾ രൂപീകരിക്കൽ<br>മുത്തു കോർക്കൽ മത്സരം<br>ഒരക്ക സംഖ്യകൾ തമ്മിലുള്ളസങ്കലന വ്യവകലന ക്രിയകളിൽ ഏർപ്പെടുക | നവംബർ - ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| 3.ലക്ഷ്യം : ഒരൊക്ക സംഖ്യയും രണ്ടക്ക | പ്രവർത്തനം : ഉല്ലാസ ഗണിത | | | |

| | | | | |
|---|---|---|---|---|
| സംഖ്യയും ഉൾപ്പെടുന്ന ലളിത ഗണിത പ്രശ്നങ്ങൾ നിർദ്ധാരണംചെയ്യുന്നതിനുള്ള കഴിവ് നേടുന്നു<br>ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു<br>വ്യവകലനത്തെ സൂചിപ്പിക്കുന്ന വിവിധ ഭാഷ പദങ്ങൾ( ബാക്കി കുറയ്ക്കുക,എടുത്തു മാറ്റുക )തിരിച്ചറിഞ്ഞ് വ്യവകലന പ്രവർത്തനങ്ങൾ ചെയ്യുന്നു | പ്രവർത്തനങ്ങൾ ചെയ്യുന്നു<br>ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>_ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ<br>വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>ഗണിത ആൽബം തയ്യാറാക്കൽ, ക്ലാസ് പി റ്റി എ യിൽ പ്രദർശനം<br>പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>ഗണിത ആശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു<br>ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു<br>സംഖ്യകൾ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു<br>ഒരക്ക സംഖ്യകൾ തമ്മിലുള്ള വ്യവകലന ക്രിയകളിൽ ഏർപ്പെടുന്നു<br>മഞ്ചാടിക്കളി<br>സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു | ജനുവരി<br>-<br>മാർച്ച് | ക്ലാസ്സ് ടീച്ചർ | |

## പരിസര പഠനം

| | | | | |
|---|---|---|---|---|
| 1.ലക്ഷ്യം :ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു നിഗമനങ്ങളിൽ എത്തിച്ചേരുന്നു തൂവലുകൾ കണ്ടാൽ പക്ഷികൾ ഏതാണെന്ന് ഊഹിക്കാൻ കഴിയുന്നു.<br>പ്രത്യേകതകളുടെഅടിസ്ഥാനത്തിൽ പക്ഷികളെ താരതമ്യം ചെയ്യുന്നു<br>പക്ഷി മുട്ടകൾ | പ്രവർത്തനം: കിളിനാദം കേട്ട് കിളിയേ തിരിച്ചറിയൽ<br>പക്ഷികളുടെ ചിത്ര നിരീക്ഷണം<br>പക്ഷി ചിത്രങ്ങൾ നിരീക്ഷിച്ച് സാമ്യവ്യത്യാസങ്ങൾ പറയൽ<br>വിവിധയിനം പക്ഷികളുടെ മുട്ടകളുടെ ചിത്രം നിരീക്ഷിക്കൽ<br>മുട്ടത്തോട് പരീക്ഷണം<br>പക്ഷികൾ ഇര തേടുന്ന വീഡിയോ പ്രദർശനം<br>ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ചും അന്വേഷിച്ചും അവയുടെ ആഹാരക്രമത്തെക്കുറിച്ച് മനസ്സിലാക്കാൻ | ജൂൺ<br>-<br>ജൂലൈ | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു മുട്ടകൾ ഉപയോഗിച്ചുള്ള പരീക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെടുന്നു<br>നാട്ടുപക്ഷികളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു<br>പക്ഷികളെ നിരീക്ഷിച്ചും മറ്റുള്ളവരോട് അന്വേഷിച്ചും പക്ഷികളുടെ ആഹാരത്തെക്കുറിച്ച് വിവരം ശേഖരിക്കുന്നു | | | | |
| 2.ലക്ഷ്യം:ചുറ്റുപാടുമുള്ള ചെറു ജീവികളെ നിരീക്ഷിച്ച് അവയുടെ ശാരീരിക പ്രത്യേകതകൾ മനസ്സിലാക്കുക നമുക്ക് ചുറ്റുമുള്ള ചെറിയ ജീവികളുടെ ലോകം വൈവിധ്യം നിറഞ്ഞതാണ് എന്ന ധാരണ രൂപീകരിക്കൽ | പ്രവർത്തനങ്ങൾ :ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിച്ചു പ്രത്യേകതകൾ പട്ടികപ്പെടുത്തൽ<br>ജീവികളുടെ ചിത്രനിരീക്ഷണം, സ്വതന്ത്ര ചിത്രരചന<br>ആൽബം തയ്യാറാക്കൽ<br>സ്കൂൾ അസംബ്ലിയിൽ മാഗസിൻ പ്രകാശനം | ജനുവരി<br>-<br>മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | **<u>ഇംഗ്ലീഷ്</u>** | | | |
| 1.Aim:enjoy song , sings them with rhythm and action<br>read conversions, song and simple | enjoy songs and sings them with rhythm and action<br>describe orally about picture and objects using adjectives | ആഗസ്റ്റ്<br>-<br>നവംബർ | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| descriptions graphically<br><br><br><br><br><br><br><br>2.Aim:familiarise the name of words animals their young ones and identifies them from pictures<br>get familiarised with words denoting possession (has/have), ability and qualities<br>Develop a positive attitude towards socialisation and friend ship | read and write simple words and simple sentences<br>Provide picture card and reading cards<br>introduce symbol picture descriptions<br>make word chain sentence chain<br>describing words, rhyming words<br>Text book &beehive (work book) activities<br><br><br><br><br>Activities :provide more opportunities to read, right and speak english<br>Write five english words daily<br>Read and understand simple instructions in the classroom<br>Make picture albums<br>english assembly once in week<br>read and write simple sentences<br>picture reading and picture descriptions<br>Speak english fluently<br>Encourage digital reading | ഡിസംബർ<br>-<br>മാർച്ച് | ക്ലാസ്സ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 2

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **1.രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും വായിക്കുവാനും എഴുതുവാനുമുള്ള ശേഷി ഉള്ളവരാക്കുക. പരിചയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ എഴുതാനുള്ള കഴിവ് നേടുന്നു. ചിത്രങ്ങളാൽ ആകർഷകവും സമഗ്രവുമായ നോട്ടുബുക്ക് രൂപീകരണം.** | *** അക്ഷരം ഉറപ്പിക്കൽ<br>* കഥകളിലൂടെ ചിത്ര വായന<br>* വിവിധതരം ചിത്രങ്ങൾ നിരീക്ഷിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br>* ചിത്രങ്ങൾ ഒട്ടിച്ചും വരച്ചും നിറങ്ങൾ നൽകുവാനും ലഘുവാക്യങ്ങൾ എഴുതുവാനും അവസരം നൽകുന്നു.** | **ജൂൺ - മാർച്ച്** | **ക്ലാസ്സ് ടീച്ചർ** | **SMC** |

## ഗണിതം

| | | | | |
|---|---|---|---|---|
| 2.100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ | * രണ്ടക്ക സംഖ്യകളുടെ സങ്കലനം ( കൂട്ടിച്ചേർക്കൽ) മനക്കണക്കായി ചെയ്യാൻ പരിശീലിപ്പിക്കുന്നു. സംഖ്യാ കാർഡുകൾ, മണികൾ എന്നിവ ഉപയോഗിച്ച് | **ജൂൺ - മാർച്ച്** | ക്ലാസ്സ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| സങ്കലനം മനക്കണക്കായി ചെയ്യുക.<br>* തുക 200 ൽ താഴെവരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലന ക്രിയ ഉപയോഗിക്കുന്നു. | കൂട്ടിച്ചേർക്കൽ പരിശീലനം നൽകുന്നു.<br>* നിത്യ ജീവിതത്തിലെ സങ്കലന പ്രശ്നങ്ങൾ നൽകി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | | | |
| | **<u>പരിസരപഠനം</u>** | | | |
| 1.കാർഷിക ഉപകരണങ്ങൾ നേരിട്ടുള്ള അനുഭവങ്ങളിലൂടെയും നിരീക്ഷണത്തിലൂടെയും തിരിച്ചറിയുന്നു. അവയുടെ ഉപയോഗങ്ങൾ കണ്ടെത്തുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നു.<br>* ചുറ്റുപാടുകൾ നിരീക്ഷിച്ചും ഗവേഷണം ചെയ്ത ചിത്രങ്ങളും വീഡിയോകളും കണ്ടും വിവിധ മൃഗങ്ങൾക്ക് ഭക്ഷണമായി വർത്തിക്കുന്ന കാർഷിക വിളകൾ പട്ടികപ്പെടുത്തുന്നു. | * കാർഷിക ഉപകരണങ്ങളുടെ ചിത്രങ്ങൾ കാണിക്കുന്നു. അവയുടെ പേരുകളും ഉപയോഗങ്ങളും ചർച്ച ചെയ്യുന്നു.<br>* വിവിധ കാർഷിക വിളകളുടെ ചിത്രങ്ങൾ കാണിക്കുന്നു. ഏതൊക്കെ മൃഗങ്ങൾ അവ കഴിക്കുന്നു എന്ന് ചർച്ച. വീഡിയോ കാണിക്കുന്നു. | **ജൂൺ<br>-<br>മാർച്ച്** | ക്ലാസ്സ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| *Develop the ability to listen to stories &comprehend the sequence of events. Respond orally to simple questions based on the story. Retell the story or parts of it in their own words. Use appropriate expressions & intonation while reading dialogue aloud. | **ഇംഗ്ലീഷ്**<br><br>* Teacher narrates the story of the elephant family & the cake. Encouring active comprhension question<br>* Discuss various food items mentioned ( cake, biscuits..)Categorizing them as healthy or un healthy, children share their favour healthy snacks | June<br>-<br>March | ക്ലാസ്സ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# Std III

തയ്യാറാക്കിയത് : അനുശ്രീ.വി.കെ

ജി.യു.പി.എസ്.വെള്ളംകുളങ്ങര

## മേഖല:- അക്കാദമികം

## ഉപമേഖല:- മലയാള ഭാഷാശേഷി വികാസം

| ക്ലാസ് ടീച്ചർ | പ്രവർത്തനങ്ങൾ | കാലം | പ്രവർത്തന ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സാഹിത്യരചനകൾ (കഥ, കവിത, നാടൻപാട്ട്, വിവരണം) വായിച്ചുകേട്ടും സ്വയം വായിച്ചും ആശയംഗ്രഹിച്ച് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ രസകരമായി അവതരിപ്പിക്കുക.<br>• നാടൻപാട്ട് ചൊല്ലിക്കേട്ടും സ്വയം താളം പിടിച്ചുചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.<br>• സമാനമായ താളത്തിൽ വായ്ത്താരികൾ ഉണ്ടാക്കി താളംപിടിച്ച് രസകരമായി ചൊല്ലുക.<br>• വാമൊഴിവഴക്കങ്ങൾ (പഴഞ്ചൊല്ല്, കടങ്കഥ, നാടോടിക്കഥകൾ...)ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.<br>• അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർഥവ്യക്തതയ്ക്കുള്ള ഊന്നലുകൾ എന്നിവ യോടെ ആകർഷകമായി സ്വയം രസിച്ച് വായിച്ചവതരിപ്പിക്കുക. | • കവിത താളാത്മകമായി ചൊല്ലൽ<br>• കവിതയുമായി ബന്ധപ്പെട്ട ചിത്രീകരണം<br>• നാടൻപാട്ട് അവതരണം<br>• താളം കണ്ടെത്തൽ (വായ്ത്താരി)<br>• കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ.<br>• താളത്തിനനുസരിച്ചുള്ള വായ്ത്താരി നിർമ്മാണം<br>• പഴഞ്ചൊല്ലുകൾ വിശകലനം<br>• നാട്ടുകഥ അവതരണം<br>• കുട്ടികളുടെ കഥോത്സവം<br>• റോൾപ്ലേ<br>• പാവനാടകം<br>• കടങ്കഥാകേളി<br>• നിഘണ്ടു പരിചയം<br>• കവിതയ്ക്കു പേരുനൽകൽ<br>• കടങ്കഥ നിർമ്മാണം<br>• അനുഭവവിവരണം എഴുതൽ.<br>• ഭാവാത്മക വായന | ജൂൺ<br>ജൂലൈ | ക്ലാസ്<br>ടീച്ചർ | SRG<br>PTA |

| | | | | |
|---|---|---|---|---|
| • നാട്ടുകഥകൾ കേട്ട് ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ സന്തോഷിക്കുക.<br>• നാട്ടുകഥകളിൽ അടങ്ങിയിട്ടുള്ള താളം തിരിച്ചറിഞ്ഞ് വായിച്ചു രസിക്കുക.<br>• കടങ്കഥകൾ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക. അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമ്മിച്ചു പങ്കിടുന്നതിൽ സന്തോഷം കണ്ടെത്തുക.<br>• വിവിധകലാരൂപങ്ങൾക്ക് അവതരണത്തിനു സഹായകമായ സാഹിത്യരൂപം ഉണ്ടെന്ന് തിരിച്ചറിയുക. അവ രസിച്ചുകേട്ടും, വായിച്ചും ആസ്വദിക്കുക. | • നിയമാവലി തയ്യാറാക്കൽ<br>• കലാരൂപങ്ങളുടെ കാഴ്ച (നേരിട്ട് / ഐസിടി) കലാരൂപങ്ങളുടെ ചിത്രീകരണം<br>• വിവിധ കലാരൂപങ്ങൾ -താരതമ്യം<br>• അനുഭവവിവരണം / ഡയറി തയ്യാറാക്കൽ<br>• കവിതയിൽ പുതിയ വരികൾ ചേർക്കൽ | | | |
| • ചിത്രങ്ങൾ വായിച്ച് ആശയങ്ങൾ തിരിച്ചറിയുന്നതിൽ ആനന്ദിക്കുക.<br>• കഥ പറഞ്ഞുകേട്ടും സ്വയം വായിച്ചും കവിത ചൊല്ലിക്കേട്ടും സ്വയംചൊല്ലിയും വിവരണം വായിച്ചുകേട്ടും സ്വയംവായിച്ചും ചർച്ചയിലൂടെ സൗന്ദര്യാംശം തിരിച്ചറിഞ്ഞ് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ പോസ്റ്റർ, ഡയറി, റോൾപ്ലേ, സംഭാഷണം, ചിത്രീകരണം എന്നീ വ്യവഹാരരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നതിൽ ആഹ്ളാദം കണ്ടെത്തുക.<br>• വിവരണം, കടങ്കഥാസ്വഭാവമുള്ള കവിത, കത്ത് എന്നിവ വായിച്ച് കാഴ്ചപ്പാടുകൾ തിരിച്ചറിയുകയും സ്വന്തം അഭിപ്രായം പോസ്റ്റർ, കത്ത് എന്നീ വ്യവഹാരരൂപങ്ങ | • കഥ കേൾക്കൽ<br>• കഥ പറയൽ<br>• ഈണം നൽകൽ<br>• താളത്തിൽ ചൊല്ലൽ<br>• പകരം പദം കണ്ടെത്തൽ<br>• വിശേഷിപ്പിച്ചു പറയൽ<br>• പോസ്റ്റർ നിർമ്മാണം<br>• ഡയറിയെഴുത്ത്<br>• മഴക്കാലനുഭവങ്ങൾ പറയൽ<br>• സംഭാഷണം<br>• പഴഞ്ചൊൽ വായന,<br>• കടങ്കഥയുടെ ഉത്തരം കണ്ടെത്തൽ, പുതിയ കടങ്കഥാ രചന<br>• നിഘണ്ടു വികസിപ്പിക്കൽ<br>• പകരം പദങ്ങൾ | ഓഗസ്റ്റ് സെപ്റ്റം - ബർ | ക്ലാസ് ടീച്ചർ | SRG PTA |

| | | | | |
|---|---|---|---|---|
| ളിലൂടെ അവത രിപ്പിക്കുകയും ചെയ്യു ന്നതിൽ ആനന്ദിക്കുക.<br>• വാർത്തകൾ കേട്ടും വായിച്ചും വിശകലനം ചെയ്ത് സ്വന്തം പ്രതികരണം ചർച്ച/ അഭി പ്രായ പ്രകടനം, പോസ്റ്റർ എന്നീ വ്യവ ഹാരരൂപങ്ങളിൽ രസകരമായി അവതരി പ്പിക്കുക.<br>• കവിതയിൽ അടങ്ങിയ വിവിധ താളങ്ങളെ വേർതിരിച്ചറിഞ്ഞ് താളം പിടിച്ചു ചൊല്ലി രസിക്കുക.<br>• ചേർച്ചയുള്ള വാക്കുകളെ കോർത്തിണ ക്കുമ്പോൾ ഗദ്യത്തിൽ വരുന്ന താള സ്വഭാവം അറിഞ്ഞാസ്വദിക്കുക. ഇത്തരം സൗന്ദര്യാംശങ്ങളിലൂന്നി ഗദ്യഭാഗങ്ങൾ ഭാവാത്മകതയോടെ ആകർഷകമായി പറഞ്ഞും വായിച്ചും അവതരിപ്പിക്കുക.<br>• വാമൊഴി വഴക്കങ്ങൾ, ശൈലികൾ, നാടൻ പ്രയോഗങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയവ ഭാഷയ്ക്ക് നൽ കുന്ന സൗന്ദര്യവും ശക്തിയും തിരി ച്ചറിയുക. അവയെ ഉചിതമായും രസ കരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമ്മിച്ചു പങ്കിടുക.<br>• വിവരണം, കടങ്കഥാസ്വഭാവമുള്ള കവിത, കത്ത് എന്നിവ വായിച്ച് കാഴ്ചപ്പാടുകൾ തിരിച്ചറിയുകയും സ്വന്തം അഭിപ്രായം പോസ്റ്റർ, കത്ത് എന്നീ വ്യവഹാരരൂപ ങ്ങളിലൂടെ അവതരിപ്പിക്കുകയും ചെയ്യു ന്നതിൽ ആനന്ദിക്കുക. | • പലഹാരക്കുറിപ്പ്<br>• പലഹാരപ്പാട്ട് ചൊല്ലൽ ശേഖരണം<br>• പതിപ്പുനിർമ്മാണം<br>• അപ്പാണ്യം ക്ലാസിൽ<br>• ശുചീകരണ നിയമാവലികൾ<br>• ഭാവാത്മക വായന<br>• പദാവർത്തനം<br>• പറഞ്ഞും എഴുതിയും സംഭാഷ ണം വികസിപ്പിക്കൽ<br>• അഭിമുഖ ചോദ്യാവലി നിർമ്മാണം<br>• പോസ്റ്റർ വായന,നിർമ്മാണം<br>• ചർച്ച<br>• കഥ പൂർത്തിയാക്കൽ<br>• കത്ത്<br>• ഒരു പൊതി നന്മ | | | |

| | | | | |
|---|---|---|---|---|
| • വിവിധ സന്ദർഭങ്ങൾ, സംഭവങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സംഭാഷണം, വിവരണം/ ഡയറി, കത്ത് തുടങ്ങിയ സർഗ്ഗാത്മക രചനകളിൽ രസകരമായി ഏർപ്പെടുക. | | | | |
| • ചൊല്ലിക്കേട്ടും സ്വയംവായിച്ചും ചൊല്ലിയും ചർച്ചചെയ്ത് ആശയം, സൗന്ദര്യാംശം (താളം, ഈണം, ആവർത്തനഭംഗി..) ക ണ്ടെത്തുന്നതിൽ ആഹ്ലാദിക്കുക. കണ്ടെ ത്തിയ കാര്യങ്ങൾ സ്വന്തം ഭാവന ചേർത്ത് ദൃശ്യാവിഷ്കാരം, കവിത, വിവരണം എന്നി വയിലൂടെ രസകരമായി പ്രകടിപ്പിക്കുക.<br>• പരിചിതമായ വിഷയങ്ങളെ മുൻനിർത്തി വിവരണങ്ങൾ തയ്യാറാക്കുന്നതിൽ സ ന്തോഷിക്കുക.<br>• തൊഴിലുമായി ബന്ധപ്പെട്ട വാക്കുകൾ കണ്ടെത്തി ഉചിതമായി സന്ദർഭങ്ങളിൽ പ്രയോഗി ക്കുന്നതിൽ സന്തോഷിക്കുക.<br>• പരിചയപ്പെടുന്ന വാക്കുകൾ അക്ഷരമാല ക്രമത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്ന തിൽ ആനന്ദിക്കുക.<br>• കവിത ചൊല്ലിക്കേട്ടും സ്വയം താളംപിടിച്ചു ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദി ക്കുന്നതിൽ ആനന്ദം കണ്ടെത്തുക.<br>• കവിതകളും പാട്ടുകളും ഉചിതമായ ഈണ വും താളവും നൽകി ആവിഷ്ക്കരി ക്കുന്നതിലെ സന്തോഷം അനുഭവിക്കുക.<br>• സമാനമായ താളത്തിൽ വായ്ത്താരി കളും വരികളും തയ്യാറാക്കി താളം പിടിച്ച് രസകരമായി ചൊല്ലുക. | • ചിത്രം വായിച്ച് അഭിപ്രായ പ്രകടനം നടത്തൽ.<br>• ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുന്ന വിധം ഉചിതമായ ശബ്ദവ്യതി യാനത്തോടെ വായിക്കൽ.<br>• വായിച്ചുകേട്ട ഗദ്യഭാഗങ്ങളിലെ ആശയങ്ങളെ വിശകലനം ചെ യ്ത് കണ്ടെത്തൽ.<br>• ആശയങ്ങളുടെ ചിത്രീകരണം.<br>• നിഘണ്ടു പരിശോധന, വാക്കു കൾ അക്ഷരമാലാ ക്രമത്തിലാ ക്കൽ.<br>• ഖണ്ഡികതിരിച്ച് വിവരണം ത യ്യാറാക്കൽ.<br>• യോജിച്ച വായ്ത്താരികൾ, വരി കൾ ഉണ്ടാക്കൽ.<br>• നാടൻപാട്ട് - ദൃശ്യാവിഷ്കാരം/ ചൊൽക്കാഴ്ച.<br>• വിവരണം.<br>• ചർച്ച/അഭിപ്രായപ്രകടനം.<br>• ചിത്രീകരണം.<br>• ഭാവാത്മകവായന. | ഒക്ടോബർ | ക്ലാസ് ടീച്ചർ | SRG<br>PTA |

| | | | | |
|---|---|---|---|---|
| • വാമൊഴിവഴക്കങ്ങൾ ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.<br>• അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർത്ഥവ്യക്തതയ്ക്കുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി സ്വയം രസിച്ച് വായിച്ചവതരിപ്പിക്കുക.<br>• ടീച്ചറുടെയും കൂട്ടുകാരുടെയും സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം രചനയും മറ്റുള്ളവരുടെ രചനയും മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.<br>• ചിത്രം വായിച്ചാസ്വദിച്ച് സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുക. ചിത്രങ്ങൾ നിരീക്ഷിച്ച് അവയുടെ സൂക്ഷ്മ്മമായ സൗന്ദര്യാംശങ്ങൾ കണ്ടെത്തുന്നതിൽ ആനന്ദിക്കുക. | | | | |
| • പ്രകൃതി, യാത്ര എന്നിവയുമായി ബന്ധപ്പെട്ട പാട്ട്, കഥ, കവിത, ചിത്രം, യാത്രാനുഭവം, വിവരണം എന്നിവ വായിച്ചുകേട്ടും വായിച്ചും ചർച്ചചെയ്തും ആശയം, സൗന്ദര്യാംശം എന്നിവ തിരിച്ചറിയുന്നു.<br>• തനിക്കു പറയാനുള്ള കാര്യങ്ങൾ ഒഴുക്കോടെയും ഉച്ചാരണവ്യക്തതയോടെയും ശബ്ദ നിയന്ത്രണത്തോടെയും പറഞ്ഞറിയിക്കുന്നതിൽ ആനന്ദിക്കുന്നു.<br>• പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥം, ആശയം, ഔചിത്യം എന്നിവ സന്ദർഭങ്ങളിൽനിന്നും നിഘണ്ടു | • ചോദ്യോത്തരപ്പാട്ടുകൾ താളമിട്ട് ചൊല്ലി അവതരിപ്പിക്കൽ<br>• വേനലനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>• വേനൽച്ചിത്രങ്ങൾ വരച്ചു തയ്യാറാക്കൽ<br>• മഴച്ചിത്രങ്ങൾ വരച്ചു തയ്യാറാക്കൽ<br>• മഴക്കവിതാരചന<br>• വിശേഷണങ്ങൾ<br>• ഭാഷാകേളി | നവംബർ<br>ഡിസംബർ | ക്ലാസ്<br>ടീച്ചർ | SRG<br>PTA |

| | | | | |
|---|---|---|---|---|
| നോക്കിയും കണ്ടെത്തുന്നതിന്റെ ആഹ്ലാദം അനുഭവിക്കുന്നു. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുന്നതിന്റെ സന്തോഷം അനുഭവിക്കുന്നു.<br>• നാടൻപാട്ട്, കവിത, എന്നിവയിലടങ്ങിയ വിവിധ താളങ്ങൾ തിരിച്ചറിയുകയും താളം പിടിച്ച് ചൊല്ലി രസിക്കുകയും ചെയ്യുന്നു. സമാനതാളത്തിൽ വരികൾ ഉണ്ടാക്കി ച്ചൊല്ലുന്നതിന്റെ ആഹ്ലാദം അനുഭവിക്കുന്നു.<br>• വിവിധ സന്ദർഭങ്ങൾ, സംഭവങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സംഭാഷണം, റോൾപ്ലേ എന്നിവയിൽ ഏർപ്പെടുന്നതിൽ ആനന്ദം കണ്ടെത്തുന്നു.<br>• രചനകൾ, അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർത്ഥ വ്യക്തതയ്ക്കുവേണ്ടിയുള്ള ഊന്നലുകൾ എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നതിൽ ആഹ്ലാദിക്കുന്നു. | • ചോദ്യോത്തരപ്പാട്ട് തയ്യാറാക്കൽ<br>• കവിതയെ അടിസ്ഥാനമാക്കി ചിത്രം തയ്യാറാക്കൽ<br>• ചിത്രത്തിൽനിന്ന് വിവരണം രൂപപ്പെടുത്തൽ<br>• വസ്തുതകളെ കാവ്യഭാഷയിൽ എഴുതിയോ പറഞ്ഞോ പ്രകടിപ്പിക്കൽ<br>• മനസ്സിൽത്തട്ടിയ അനുഭവങ്ങൾ പറയൽ<br>• വൈകാരികാവസ്ഥയ്ക്കനുസരിച്ചുള്ള ഭാഷാപ്രയോഗം കണ്ടെത്തൽ<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>• ഹോംടൂർ വീഡിയോ തയ്യാറാക്കൽ<br>• ഭാവാത്മകവായന<br>• റോൾപ്ലെ<br>• കഥയ്ക്കു യോജിച്ച ചിത്രംവര<br>• കഥയിൽ തുടർന്നെന്തുണ്ടായി - കൂട്ടിച്ചേർക്കൽ<br>• പ്രകൃതിനടത്തം - കാഴ്ചകൾ എഴുതൽ, ചിത്രീകരിക്കൽ<br>• യാത്രാനുഭവവിവരണം തയ്യാറാക്കൽ | | | |
| • പ്രാദേശിക ഭാഷാഭേദങ്ങളും ശൈലികളും അടങ്ങുന്നതും ജനാധിപത്യവും സാമുഹ്യനീതിയും പ്രമേയമാവുന്നതുമായ കഥ, | • സംവാദം<br>• സാമൂഹികനീതി എന്ന ആശയത്തിലൂന്നിയ കളി | ജനുവരി<br>ഫെബ്രുവരി | ക്ലാസ്<br>ടീച്ചർ | SRG<br>PTA |

| | | | | |
|---|---|---|---|---|
| കവിത, എന്നിവ കേട്ടും വായിച്ചും ചർച്ച ചെയ്തും അതിലെ ആശയങ്ങളും സൗന്ദ ര്യാംശങ്ങളും കണ്ടെത്തുന്നതിൽ ആനന്ദി ക്കുന്നു.<br>• കണ്ടെത്തിയ ആശയങ്ങൾ പോസ്റ്റർ, വിവരണം, കത്ത്, ചിത്രം, റോൾപ്ലേ, പാവ നാടകം, ഡയറി, സംഭാഷണം മുതലായ ആവിഷ്കാരരൂപങ്ങളിൽ പ്രകടിപ്പിക്കു മ്പോഴുള്ള ആനന്ദം അനുഭവിക്കുന്നു.<br>• സ്വാതന്ത്ര്യം പ്രമേയമാവുന്ന ഹ്രസ്വചിത്ര ങ്ങൾ കാണുന്നു. തനിക്കുണ്ടായ ആനന്ദാ നുഭൂതി പറഞ്ഞും ചർച്ച ചെയ്തും മറ്റു ള്ളവരുമായി പങ്കിടുന്നു.<br>• ജനാധിപത്യത്തിന്റെയും സാമൂഹിക നീതി യുടെയും അടിസ്ഥാനമൂല്യങ്ങൾ (സ്വാത ന്ത്യം, സമത്വം, സാഹോദര്യം, മതനിരപേ ക്ഷത, ലിംഗനീതി തുടങ്ങിയവ) ഉള്ള ടങ്ങിയ കഥ, കവിത എന്നിവ കേട്ടും വായിച്ചും രസിക്കുന്നു. ആഖ്യാനത്തിനുപ യോഗിച്ച വൈവിധ്യമാർന്ന പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, എന്നിവയി ലെ ഭംഗി തിരിച്ചറിയുന്നു. ഈ ആശ യങ്ങൾ സ്വന്തം ഭാഷയിൽ ഭാഷാപരമായ സൗന്ദര്യാംശങ്ങൾ ഉൾക്കൊള്ളിച്ച് കഥ, കവിത, പാവനാടകം, പോസ്റ്റർ, വിവരണം എന്നിവയിലൂടെ ആവിഷ്കരിക്കുന്നതിൽ ആനന്ദിക്കുന്നു.<br>• ജനാധിപത്യത്തിന്റെയും സാമൂഹികനീതി യുടെയും അടിസ്ഥാനമൂല്യങ്ങൾ ഉൾക്കൊ ള്ളുന്ന ചിത്രങ്ങൾ, പോസ്റ്റർ, എന്നിവ | • കഥയെ പാവനാടകമായി അവ തരിപ്പിക്കൽ<br>• കത്ത് തയ്യാറാക്കൽ<br>• ചിത്രത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കൽ<br>• കവിത താളമിട്ടു ചൊല്ലൽ<br>• കഥ വായന<br>• നിഘണ്ടു നോക്കി വാക്കുക ളുടെ അർത്ഥം കണ്ടെത്തൽ<br>• ആശംസാവാക്യങ്ങൾ എഴുതൽ<br>• പോസ്റ്റർ തയ്യാറാക്കൽ<br>• പകരം പദം കണ്ടെത്തി കവിത യിൽ പുതിയ വാക്കുകൾ ഉൾ ച്ചേർക്കൽ<br>• കവിതയിലെ സംഭവങ്ങൾ ക്രമ മായി എഴുതൽ<br>• കവിതയുടെ ആശയത്തെ ചി ത്രീകരിക്കൽ<br>• സംഭാഷണം തയ്യാറാക്കൽ<br>• ചിത്രവായന<br>• ചിത്രം വായിച്ച് കുറിപ്പ് തയ്യാറാ ക്കൽ<br>• കവിത രചിക്കൽ<br>• ഹ്രസ്വചിത്രം കാഴ്ചയും ചർച്ച യും<br>• കഥയെ മാറ്റിയെഴുതൽ<br>• അനുഭവക്കുറിപ്പ് എഴുതൽ | | | |

| | | | | |
|---|---|---|---|---|
| നിരീക്ഷിച്ചും വായിച്ചും ആസ്വദിക്കുന്നു. ചിത്രീകരണരീതികളുടെ ഭംഗി (വലുപ്പ വ്യത്യാസം, നിറങ്ങളുടെ ഉപയോഗം...) തിരിച്ചറിയുന്നു. ആശയങ്ങളെ ചിത്രീകരിക്കുന്നതിലും പോസ്റ്റർ നിർമ്മിക്കുന്നതിലും ആനന്ദിക്കുന്നു. | | | | |
| • കഥ, ശാസ്ത്രകഥ, കവിത എന്നിവ വായിച്ച് സൗന്ദര്യാംശങ്ങൾ/കാഴ്ചപ്പാടുകൾ തിരിച്ചറിയുന്നു. സ്വന്തം അഭിപ്രായം പർച്ച / അഭിപ്രായപ്രകടനം, പോസ്റ്റർ, കത്ത്, അനുഭവവിവരണം എന്നിവയിലൂടെ രസകരമായി അവതരിപ്പിക്കുന്നു.<br>• കവിതകൾ താളം കണ്ടെത്തി ചൊല്ലി അവതരിപ്പിക്കുന്നതിൽ ആനന്ദിക്കുന്നു. | • ചർച്ചകളിൽ പങ്കെടുക്കൽ, യുക്തിപൂർവ്വം അഭിപ്രായങ്ങൾ പറയൽ.<br>• മറ്റുള്ളവരുടെ അഭിപ്രായങ്ങൾ വിമർശനപരമായി പരിശോധിച്ച് സ്വീകരിക്കൽ.<br>• കവിത താളമിട്ടു ചൊല്ലൽ.<br>• കവിതയിൽ വരികൾ കൂട്ടിച്ചേർക്കൽ.<br>• പോസ്റ്റർ തയ്യാറാക്കൽ.<br>• കഥ ചിത്രീകരിക്കൽ.<br>• കത്ത് തയ്യാറാക്കൽ.<br>• പദക്കൂട്ടുകൾ തയ്യാറാക്കൽ.<br>• തീയേറ്റർ വായന.<br>• പരീക്ഷണങ്ങളിൽ ഏർപ്പെടൽ.<br>• അനുഭവക്കുറിപ്പ് തയ്യാറാക്കൽ.<br>• കാർട്ടൂൺ വായന.<br>• ശാസ്ത്രകഥകൾ, ലേഖനങ്ങൾ എന്നിവയുടെ വായന.<br>• അറിയിപ്പു തയ്യാറാക്കൽ<br>• അഭിനയക്കളികളിൽ ഏർപ്പെടൽ.<br>• ഭാഷാകേളികളിലേർപ്പെടൽ. | മാർച്ച് | ക്ലാസ് ടീച്ചർ | SRG<br>PTA |

## മേഖല:- അക്കാദമികം

## ഉപമേഖല:- ഇംഗ്ലീഷ് ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രവർത്തന ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • listens to the instructions and acts accordingly.<br>• enjoys rhymes/poems and adds lines.<br>• narrates a story.<br>• rearranges events to frame a story.<br>• writes descriptions based on a given context.<br>• writes conversations relevant to the context.<br>• reads and comprehends simple stories<br>• writes thoughts and feelings of characters.<br>• writes declarative sentences in suitable contexts.<br>• takes part in role plays and skits.<br>• gets familiarised with nouns (naming words).<br>• uses -ing forms in sentences<br>• writes the process of making a recipe.<br>• presents a commentary.<br>• gets familiarised with words like accept, applaud, appreciate, dais, echo, etc.<br>• answers puzzle and make puzzles.<br>• identifies describing words.<br>identifies rhyming words in a poem. | • Conversation<br>• Rhyme<br>• Thoughts<br>• Description<br>• Story<br>• Recipe<br>• Chat box<br>• Picture reading<br>• Sequencing the events<br>• Emoji matching<br>• Puzzle<br>• Kitchen orchestra<br>• Project<br>• Recast | June<br>July | Class teacher | SRG |

| | | | | |
|---|---|---|---|---|
